ഉത്തരം

(എ) കേരളാ സഹകരണ നിയമപ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട സംഘങ്ങളിലെ ജീവനക്കാരുടെ ക്ഷേമത്തിനായി ഫണ്ട് സമാഹരിക്കുകയും വിനിയോഗിക്കുകയും ചെയ്യുക, മാനേജിംഗ് കമ്മിറ്റിക്ക് ഉചിതമെന്ന് തോന്നുന്ന ആശ്വാസ നടപടികൾക്കായി ജീവനക്കാർക്ക് പണമനുവദിക്കുക എന്നിവയാണ് ക്ഷേമനിധി ബോർഡിന്റെ പ്രവർത്തന ലക്ഷ്യം.

(ബി) ക്ഷേമനിധി ഇനത്തിൽ ഇതിനകം 676.70 ലക്ഷം (ആറുകോടി എഴുപത്തി യാറുലക്ഷത്തി എഴുപതിനായിരം) രൂപ സഹകരണ ജീവനക്കാർക്ക് നൽകിയിട്ടുണ്ട്.

(സി) ജീവനക്കാരിൽനിന്നും 20,50,00,000 (ഇരുപതുകോടി അൻപത് ലക്ഷം) രൂപ പിരിച്ചെടുത്തിട്ടുണ്ട്.

(ഡി) ക്ഷേമനിധി വിഹിതമായി സഹകരണസംഘം ജീവനക്കാരിൽ നിന്നും ലഭിക്കുന്ന തുക ജില്ലാ സഹകരണ ബാങ്കുകളിൽ ഡെപ്പോസിറ്റ് ചെയ്തുവരുന്നു. ക്ഷേമനിധി തുകയിൽനിന്നും പരിയാരം ഹോസ്പിറ്റൽ കോംപ്ലക്സിൽ 57,75,000 (അൻപത്തിയേഴ്ലക്ഷത്തി എഴുപത്തി അയ്യായിരം) രൂപ ഷെയർ എടുത്തിട്ടുണ്ട്.

(ഇ) സഹകരണ നിയമപ്രകാരമോ, ക്ഷേമനിധി ബോർഡിന്റെ റൂൾസ് പ്രകാരമോ മറ്റ് സ്ഥാപനങ്ങളിൽ ഷെയർ എടുക്കുന്നതിന് വ്യവസ്ഥയില്ല. വെൽഫെയർ ബോർഡിന്റെ മാനേജിംഗ് കമ്മിറ്റിയുടെ തീരുമാനപ്രകാരമാണ് പരിയാരം ഹോസ്പിറ്റൽ കോംപ്ലക്സിൽ ഷെയർ എടുത്തിട്ടുള്ളത്. ഡെപ്പോസിറ്റ് ചെയ്യുന്നതിന് റൂൾ ഉണ്ട്. റൂൾ ഉള്ളടക്കം ചെയ്യുന്നു.

വായ്പ എടുക്കുന്നവരിൽ നിന്നുതന്നെ ലോൺ തുക ഈടാക്കാൻ നടപടി

96 [1504] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ സ്ഥാപനങ്ങളിൽനിന്നും വായ്പ എടുക്കുകയും സാമ്പത്തികശേഷി ഉണ്ടായിട്ടും തിരിച്ചടവിൽ വീഴ്ച വരുത്തുകയും ചെയ്യുന്ന സർക്കാർ ഉദ്യോഗസ്ഥൻമാരെ ഒഴിവാക്കി ജാമ്യക്കാരിൽനിന്നും തുക ഈടാക്കുന്ന രീതി നിലവിലുണ്ടോ;

(ബി) എങ്കിൽ ഈ സംവിധാനത്തിൽ മാറ്റം വരുത്തി വായ്പക്കാരിൽനിന്നും തുക ഈടാക്കുന്നതിനുള്ള നിർദ്ദേശം സഹകരണ സ്ഥാപനങ്ങൾക്ക് നൽകുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

ഉത്തരം

(എ) അപ്രകാരമുള്ള ഒരു രീതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

2/2313/2012/DTP.

LIBRARY ARCHIVES Kerala Legislative Assembly